**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1348** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ആറന്മുള നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അബിൻ വർക്കി കോടിയാട്ട് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ആറന്മുള നിയോജക മണ്ഡലത്തിൽ നിലവിൽ ടൂറിസം വകുപ്പിന്റെ നിർമ്മാണത്തിലിരിക്കുന്നതോ തുക അനുവദിച്ചതോ ആയ ഏതെങ്കിലും പ്രവൃർത്തികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ആറന്മുള നിയോജക മണ്ഡലത്തിൽ നിലവിൽ ടൂറിസം വകുപ്പിന്റെ നിർമ്മാണത്തിലിരിക്കുന്ന പദ്ധതിയാണ് വലംചുഴി റിവർ ഫ്രന്റ് ടൂറിസം പദ്ധതി. 25/06/2025 തീയതിയിലെ GO(Rt) No.377/2025/TSM നമ്പർ ഉത്തരവ് പ്രകാരം Rs.3,41,64,000/- രൂപയുടെ ഭരണാനുമതി M/S KEL Ltd ന് വർക്ക് ഓർഡർ നല്കിയിട്ടുണ്ട്.

നിലവിൽ ആദ്യഘട്ടത്തിന്റെ പദ്ധതി ഘടകങ്ങൾ (Entrance Plaza, parking and Gathering Facilities, Gateway structure, Walkways, Toilet Block, Food Kiosk-1, shop-1, landscape, waste disposal unit, waste bins, Drinking water KIOSK, signage Plumbing works, electrical works, Horticulture മുതലായവയാണ്.

**(ബി)** ഉണ്ടെങ്കിൽ അവയുടെ നിലവിലെ പുരോഗതി തരംതിരിച്ച് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ എത്തിക്കുന്നതിനുള്ള റോഡ് നിർമ്മാണം പുരോഗമിച്ചുവരികയാണ്. പ്രതികൂല കാലാവസ്ഥയെ തുടർന്ന് നിർമ്മാണപ്രവൃത്തികൾ തടസ്സപ്പെട്ടതിനാൽ ഇടക്കാലത്ത് പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നിരുന്നു. എന്നാൽ നിലവിൽ റോഡ് നിർമ്മാണം പുനരാരംഭിച്ച് പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**